KERALA BANK
Kerala State Co-operative Bank

# മഴവില്ല്

Bimonthly Newsletter of Kerala State Co-operative Bank

കേരള ബാങ്ക് ബുള്ളറ്റിൻ | Volume 04 | Issue 03 | April & May 2024

## Mighty May Campaign





KERALA BANK
Kerala State Co-operative Bank


**ചീഫ് എഡിറ്റർ**
**ഗോപി കോട്ടമുറിയ്ക്കൽ**
പ്രസിഡന്റ്

**മാനേജിംഗ് എഡിറ്റർ**
**റോയ് എബ്രഹാം**
ചീഫ് ജനറൽ മാനേജർ

**പത്രാധിപ സമിതി**
**ജിൽസ്മോൻ ജോസ്**
(ജനറൽ മാനേജർ, AIM )
**ജെ.എസ്. ബബ്‌ല്യ**
(പ്രിൻസിപ്പൽ പിആർഒ)
**സി.സഹദ്** (പിആർഒ)
**റീനമോൾ റ്റി** (പിആർഒ)
**അഭിജിത്ത് റ്റി** (പിആർഒ)
**ഹാറൂൺ റഷീദ്** (പിആർഒ)
**ജയ്കർ റ്റി.എസ്** (പിആർഒ)


# ഉള്ളടക്കം


MIGHTY MAY CAMPAIGN — 6

നബാർഡ് ചെയർമാൻ കേരള ബാങ്ക് സന്ദർശിച്ചു — 8

കേരള ബാങ്കിന്റെ പരസ്യചിത്രം കരുതൽ പ്രകാശനം ചെയ്തു — 10

NEW INITIATIVES AND BUSINESS ACQUISITION CELL — 12

ഇൻറർവ്യൂ: മിനി ആന്റണി ഐ.എ.എസ്. സഹകരണ വകുപ്പ് സെക്രട്ടറി — 14

ഇൻറർവ്യൂ: കെ.സി സഹദേവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ — 18

വിജയവഴികൾ — 22

പ്രവർത്തനരഹിതമായ അക്കൗണ്ടുകൾ — 26

QUIZ TIME — 28

INTERVIEW: DR.G.GOPAKUMARAN NAIR, NABARD CGM — 29

PACS AS MSC/AIF PROJECTS — 33

CLIMATE SMART AGRICULTURE — 35



# നമുക്കും ശക്തരാവാം

പുതിയ സാമ്പത്തിക വർഷം പ്രതീക്ഷയോടെ നമ്മുടെ മുന്നിലേയ്ക്ക് എത്തിക്കഴിഞ്ഞു. ലക്ഷ്യങ്ങളും നേട്ടങ്ങളും ധാരാളം കൈവശപ്പെടുത്താനുണ്ട്. ബിസിനസ്സിലും, CASA യിലും, വായ്പാ വിതരണത്തിലും വൻവർദ്ധനവ് ലക്ഷ്യമാക്കിയുള്ള അതിതീവ്ര പ്രവർത്തനമാണ് 2024-25 സാമ്പത്തിക വർഷം ആവശ്യമുള്ളത്. ഗ്രാമീണ കാർഷിക മേഖലയുടെ വളർച്ചക്ക് നൽകുന്ന സേവനങ്ങളോടൊപ്പം പൊതുമേഖല വാണിജ്യ ബാങ്കുകളുമായി മത്സരിച്ച് ബിസിനസ്സ് നേട്ടങ്ങൾ ഉണ്ടാക്കുവാനും പൊതു സമൂഹത്തിൽ കേരള ബാങ്കിന്റെ യശസ്സ് ഉയർത്തുവാനുമുള്ള ഉത്തരവാദിത്വം നാം ഓരോരുത്തരിലും നിക്ഷിപ്തമായിട്ടുണ്ട്.

പുതിയതായി രൂപീകരിച്ച 'New Initiatives and Business Acquisition Cell' 'Mighty May' ക്യാമ്പയിൻ, Go for Gold ക്യാമ്പയിൻ പ്രവർത്തനങ്ങളും ഊർജ്ജസ്വലമായി മുന്നേറട്ടെ. 2024-25 സാമ്പത്തിക വർഷം 1000 കോടിയുടെ ലാഭം കൈവരിക്കാനും, നമ്മുടെ അംഗസംഘങ്ങൾക്ക് ലാഭവിഹിതം നൽകുവാനും കഴിയണം എന്ന വലിയ സ്വപ്നം യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിയും.

സാർവ്വദേശീയ തൊഴിലാളി ദിനത്തിന്റെ ഓർമ്മ പുതുക്കുന്ന മെയ് മാസത്തിൽ 'നമുക്കും ശക്തരാവാം'. No.1 ബാങ്ക് എന്ന ലക്ഷ്യത്തിനായി.

ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്, കേരളബാങ്ക്



ധനകാര്യമന്ത്രി
കെ.എൻ. ബാലഗോപാൽ



എം.ജി ശ്രീകുമാർ
പിന്നണി ഗായകൻ



അർജ്ജുൻ അശോക്
സിനിമാതാരം



എസ്തർ അനിൽ സിനിമാതാരം



ഐ.എം.വിജയൻ
ഫുട്ബോൾ താരം

# Mighty May

★ ★ ★

## RainMakers അക്കൗണ്ട് ഓപ്പണിംഗ് ക്യാമ്പയിൻ

## പ്രമുഖർ മലയാളിയുടെ സ്വന്തം ബാങ്കിലേക്ക് ......



സിവിൽ സർവ്വീസ്ജേതാവ് കെ. ശാരിക



വി.ഡി സതീശൻ
പ്രതിപക്ഷ നേതാവ്



എം. മുകേഷ് MLA



അശോകൻ ചരുവിൽ
സാഹിത്യകാരൻ



ചേതസ് മോഹൻ
പവർലിഫ്റ്റിംഗ് താരം



ഡോ . ഇ.പി. യശോദരൻ
ശാസ്ത്രജ്ഞൻ



ജസ്റ്റിസ്. സി.എൻ രാമചന്ദ്രൻ

# Mighty May Campaign

2024-25 സാമ്പത്തിക വർഷത്തെ ബിസിനസ് വളർച്ച ശക്തമാക്കുന്നതിന്റെ തുടക്കമായിട്ടാണ് Mighty May ക്യാമ്പയിൻ ആരംഭിച്ചത്.
ബിസിനസ് വളർച്ചക്ക് ഗുണകരമായ 8 മേഖലകൾക്ക് പ്രധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് മെയ് മാസത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.
പ്രശസ്തരുടെ അക്കൗണ്ട് ഓപ്പണിംഗിന് (Rain makers Account) വലിയ സ്വീകാര്യത ലഭിച്ചു.
എല്ലാ ജില്ലയിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിPACS meet സംഘടിപ്പിച്ചു വരുന്നു.
സ്വർണ്ണപണയ, MSME വായ്പകളുടെ വിതരണത്തിലും ക്യാമ്പയിൻ കാലയളവിൽ വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്.




## ക്യാമ്പയിൻ പ്രവർത്തനങ്ങൾ



PACS ന്റെ പ്രസിഡന്റിനെയും സെക്രട്ടറിയെയും ഉൾപ്പെടുത്തി എല്ലാ CPC കളും PACS Meet സംഘടിപ്പിക്കണം.



2 Rain Makers അക്കൗണ്ട് ഓപ്പൺ ചെയ്യണം.



ഒരു ദിവസം ഒരു ശാഖ 5 ലക്ഷം രൂപയുടെ പുതിയ ഗോൾഡ് ലോൺ വിതരണം ചെയ്യണം. മെയ് 6-ാം തീയതി മുതൽ ഒരാഴ്ചക്കാലത്തേയ്ക്ക് Gold Loan Week ടി കാലയളവിൽ ഓരോ ദിവസവും ഏറ്റവും കൂടുതൽ പുതിയ സ്വർണപണയ വായ്പ വിതരണം ചെയ്ത ശാഖയെ വായ്പാതുകയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ ആദരിക്കുന്നതാണ്.



CASA നിക്ഷേപത്തിൽ 50 ലക്ഷം രൂപയുടെ വർദ്ധനവ് ഓരോ ശാഖയും വരുത്തണം.




ഓരോ ശാഖയും 3 MSME loan വിതരണം ചെയ്യണം.



പുതിയ CASA customers നെ ശാഖകളിൽ കൊണ്ടു വരണം.



Areawise Customer Meet സംഘടിപ്പിക്കണം. അതിൽ ബാങ്കിന്റെ ഡയറക്ടറെ കൂടാതെ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / പഞ്ചായത്ത് പ്രതിനിധികൾ / CDS ചെയർ പേഴ്സൺ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. ടി മീറ്റിംഗുകളിൽ ബാങ്കിന്റെ നിക്ഷേപ-വായ്പാ പദ്ധതികൾ, ഡിജിറ്റൽ സേവനങ്ങൾ, നിക്ഷേപ ഇൻഷ്വറൻസ്, ബാങ്കിന്റെ സാമ്പത്തിക അടിത്തറ എന്നിവയെക്കുറിച്ച് ഇടപാടുകാരെ ബോധവാൻമാരാക്കേണ്ടതും ബാങ്കിന്റെ ഇടപാടുകാരാക്കി മാറ്റേണ്ടതുമാണ്.



കോർപ്പറേറ്റ് കസ്റ്റമർ മീറ്റ് സംഘടിപ്പിക്കണം.

Mighty May Campaign
മലയാളിയുടെ സ്വന്തം ബാങ്കിലേക്ക് ......




# "Go for Gold"

സ്വർണ്ണപണയ വായ്പാ വിതരണത്തിൽ കുതിച്ചുചാട്ടം ലക്ഷ്യമാക്കി കേരള ബാങ്ക് ആരംഭിച്ച സ്പെഷ്യൽ ഗോൾഡ് ലോൺ ക്യാമ്പയിനാണ് Go for Gold. ഏപ്രിൽ 23 മുതൽ ജൂലൈ 23 വരെ 3 മാസം കൊണ്ട് 1500 കോടി രൂപയുടെ സ്വർണ്ണപ്പണയ ബിസിനസ്സാണ് ലക്ഷ്യമിടുന്നത്. സ്വർണപ്പണയ വായ്പയിൽ ഇപ്പോഴുള്ള കുറവ് പരിഹരിച്ച് കൂടുതൽ സ്വർണപ്പണയ ഇടപാടുകാരെ ബാങ്കിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. 3 മാസകാലാവധിയിൽ പരമാവധി 2 ലക്ഷം രൂപവരെ അനുവദിക്കുന്ന എല്ലാ സ്വർണ പണയ വായ്പകൾക്കും ബാങ്കിന്റെ MCLR നിരക്കിനേക്കാൾ താഴെ 8.95% പലിശ ആണ് ഈടാക്കുന്നത്. ഇടപാടുകാരുടെ സൗകര്യാർത്ഥം ലോൺ അവസാനിപ്പിക്കുന്ന സമയത്ത് മാത്രമെ സർവീസ് ചാർജ്ജുകളും മറ്റ് നിരക്കുകളും ഈടാക്കുകയുള്ളൂ. 3 മാസ കാലാവധിയുള്ള വായ്പപുതുക്കി വയ്ക്കുമ്പോൾ അപ്രൈസർചാർജ്ജും ഈടാക്കുന്നതല്ല. ബിസിനസുകാർക്ക് സൗകര്യപ്രദമായ രീതിയിൽ 40 ലക്ഷം രൂപവരെയുള്ള ഗോൾഡ് ലോൺ ഓവർഡ്രാഫ്റ്റും കേരള ബാങ്ക് അനുവദിക്കുന്നുണ്ട്. OD വായ്പയിൽ ഉപഭോക്താവിന്റെ സൗകര്യാർത്ഥം തുക അടയ്ക്കാനും, പിൻവലിക്കാനും സാധിക്കുന്നു. 40 ലക്ഷം രൂപവരെ വായ്പ ലഭിക്കുന്ന കേരള ബാങ്ക് ഗോൾഡ് ടേം ലോൺ, കർഷകർ, ചെറുകിട വ്യാപാരികൾ, മലഞ്ചരക്കു വ്യാപാരികൾ എന്നിവർക്ക് ഉപയോഗപ്രദമായ രീതിയിൽ 1 മാസം, 3 മാസം, 6 മാസം, 9 മാസം കാലാവധിയുള്ള വിവിധ സ്വർണ പണയവായ്പകൾ എന്നിവയും കേരളബാങ്ക് വഴി സാധാരണക്കാരന് ലഭിക്കുന്നു. Go for Gold ക്യാമ്പയിൻ കാലയളവിൽ ഒരു ദിവസം ഒരു ബ്രാഞ്ചിൽ നിന്ന് കുറഞ്ഞത് 5 സ്വർണപ്പണയ വായ്പ എങ്കിലും അനുവദിക്കേണ്ടതാണ്. പണയ ദിനങ്ങൾക്കു മാത്രമാണ് കേരള ബാങ്ക് പലിശ ഈടാക്കുന്നത്.




# നബാർഡ് ചെയർമാൻ കേരള ബാങ്ക് സന്ദർശിച്ചു

നബാർഡ് ചെയർമാൻ ശ്രീ. ഷാജി കെ.വി. കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) സന്ദർശിച്ചു. കേരളത്തിന്റെ സമ്പത്ത് ഘടനയുടെ വളർച്ചയിൽ സഹകരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് നബാർഡ് ചെയർമാൻ അഭി പ്രായപ്പെട്ടു. കൃഷി, മത്സ്യബന്ധനം പ്രകൃതി സമ്പത്ത് തുടങ്ങി പ്രാഥമിക മേഖലയിലെ സമ്പത്ത് കുറയുന്നതനുസരിച്ച് ചെറുകിട വ്യവസായം, വ്യാപാരം, നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ദ്വിതീയ മേഖലയിലെ പ്രവർത്തനങ്ങൾ വർദ്ധിപ്പിച്ച് സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹകരണ സ്ഥാപനങ്ങൾ വഴി സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഉല്പാദന അധിഷ്ഠിത ബാങ്കിംഗ് പ്രവർത്തനങ്ങളും ആധുനിക സാങ്കേതിക സൗകര്യങ്ങളും പരമാവധി ഉപയുക്തമാക്കി യുവതലമുറയെ സഹകരണ മേഖലയിലേക്ക് ആകർഷിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തു പറഞ്ഞു. ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ ശ്രീ. വി. രവീന്ദ്രൻ, ഭരണസമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾ, നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ: ജി. ഗോപകുമാരൻ നായർ, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ജോർട്ടി. എം. ചാക്കോ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ.സി. സഹദേവൻ, ചീഫ് ജനറൽ മാനേജർമാരായ ശ്രീ. റോയ് എബ്രഹാം, ശ്രീ. എ.ആർ. രാജേഷ്, ശ്രീ. സി. അബ്ദുൾ മുജീബ്, നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. അമിതാബ് ഭാർഗവ്, കേരള ബാങ്ക് ജനറൽ മാനേജർമാർ എന്നിവർ സന്നിഹിതരായിരുന്നു. നബാർഡ് ചെയർമാൻ ആകുന്ന ആദ്യ മലയാളിയാണ് ശ്രീ. ഷാജി കെ.വി.




KERALA
BANK
Kerala State Co-operative Bank













സംവിധായകൻ ശ്രീ. ദ്രുപിൻ ജോൺ ഏബ്രഹാമിന് ഉപഹാരം നൽകുന്നു

# കേരള ബാങ്കിന്റെ പരസ്യചിത്രം കരുതൽ പ്രകാശനം ചെയ്തു




പഴയകാല നടൻ ശ്രീ. രാഘവൻ അഭിനയിച്ച കേരള ബാങ്കിന്റെ പരസ്യ ചിത്രം കരുതലിന്റെ പ്രകാശനം സഹകരണ - തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി.എൻ വാസവൻ നിർവ്വഹിച്ചു. പരസ്യങ്ങൾ ആവശ്യമില്ലാത്ത വിധം കേരള ബാങ്ക് വളർന്നതായി മന്ത്രി അഭിപ്രായപ്പെട്ടു. പ്രശസ്ത സംവിധായകൻ ശ്രീ. ഷാജി എൻ. കരുണിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം നിള തിയറ്ററിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ട മുറിയ്ക്കൽ പരസ്യത്തിന്റെ സംവിധായകൻ ദ്രുപിൻ ജോൺ ഏബ്രഹാമിനും നടൻ രാഘവനും പുരസ്കാരം നൽകി. ബാങ്ക് ഡയറക്ടർ അഡ്വ. എസ് ഷാജഹാൻ സ്വാഗതം ആശംസിച്ചു. ബാങ്കിന്റെ ഭരണ സമിതി അംഗങ്ങൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ജോർട്ടി എം ചാക്കോ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ. സി സഹദേവൻ, നടൻ അനിൽ ആന്റോ എന്നിവർ സംബന്ധിച്ചു.





നടൻ ശ്രീ. രാഘവനെ കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ട മുറിയ്ക്കൽ ഉപഹാരം നൽകി ആദരിക്കുന്നു










# New initiatives And Business Acquisition Cell

കേരളത്തിന്റെ ദീർഘകാല വികസന ലക്ഷ്യമാണ് കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനുള്ളത്. ബാങ്കിന്റെ ഓഹരി ഉടമകൾ ഉൾപ്പെടെയുള്ള സാധാരണക്കാരായ സഹകാരികൾക്ക് വലിയ പ്രതീക്ഷയും അഭിമാനവുമാണ് കേരള ബാങ്ക്.

പുതിയ ബിസിനസ്സ് മേഖലകൾ കണ്ടെത്തുന്നതിനും, വിപണി സാധ്യത തിരിച്ചറിഞ്ഞ് അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമായി ബാങ്കിന്റെ ഭരണസമിതി തീരുമാന പ്രകാരം 29-04-2024 മുതൽ ബാങ്കിന്റെ ഹെഡ്ഓഫീസിൽ New initiatives And Business Acquisition Cell പ്രവർത്തനം



New initiatives and business acquisition cell Team




**ജോർട്ടി എം. ചാക്കോ**
**CEO കേരള ബാങ്ക്**

> **Our cost of deposit is unreasonably high and we need to bring it down by at least 75 bps during the year. This can be achieved by improving our low cost deposit base. Low cost deposit base comes in with new customer Acquisition, efficient servicing and value added relationship deepening. Together let us do it.**

ആരംഭിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള മാനേജർ തസ്തികയിലെ എട്ട് ഉദ്യോഗസ്ഥന്മാരാണ് സെല്ലിനു കീഴിൽ പ്രവർത്തിക്കുന്നത്. ബാങ്ക് ജനറൽ മാനേജർ (ഇൻ-ചാർജ്ജ്) ശ്രീമതി പ്രീത കെ. മേനോൻ ആണ് സെല്ലിന്റെ ചുമതല വഹിക്കുന്നത്.

കേരള സർക്കാരിന്റെ സ്വന്തം ബാങ്കായ കേരള ബാങ്കിൽ ഗവൺമെന്റ് ഇടപാടുകൾ നിലവിൽ വളരെ കുറവാണ്. സഹകരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേറ്റ് കമ്പനികൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് പുതിയ ബിസിനസ്സ് മേഖലകൾ കണ്ടെത്തുന്നതിനും സ്ഥാപനങ്ങൾക്കും ബാങ്കിനും ഗുണപ്രദമായ രീതിയിൽ ബിസിനസ് മെച്ചപ്പെടുത്തുന്നതിനുമാണ് സെൽ രൂപം കൊടുത്തിട്ടുള്ളത്.

കേരളത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും കേരള ബാങ്കിന്റെ കുടക്കീഴിൽ കൊണ്ടു വരാനും സേവനങ്ങൾ വിപുലപ്പെടുത്തി ബാങ്കിനെ നമ്പർ 1 പദവിയിലേക്ക് ഉയർത്തുവാനുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

ഒരു മാസത്തെ പ്രവർത്തന കാലയളവിൽ തന്നെ ശക്തമായ ചലനം സൃഷ്ടിക്കുവാൻ സെല്ലിന് കഴിഞ്ഞു. കേരളമാകെ വിപുലമായ ബിസിനസ്സ് കൈവരിക്കാവാനുള്ള പരിപാടികൾ പ്ലാൻ ചെയ്തു വരുന്നു.



തിരുവനന്തപുരം വേളി ഇൻഡസ്ട്രിയൽ പ്ലോട്ടിൽ പ്രവർത്തിക്കുന്ന Aimy Luminaries India Private Limited എന്ന കമ്പനിയിലെ 50 ജീവനക്കാരുടെ അക്കൗണ്ടുകളും കമ്പനിയുടെ അക്കൗണ്ടും കേരള ബാങ്ക് തിരുവനന്തപുരം വെട്ടുകാട് ശാഖയിൽ ഓപ്പൺ ചെയ്തു. ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ ജോർട്ടി എം ചാക്കോ അക്കൗണ്ട് പാസ്ബുക്ക് കമ്പനി പ്രതിനിധിക്ക് കൈമാറുന്നു



# എന്നും, എപ്പോഴും ജനനന്മക്ക്

**കേരളത്തിന്റെ സഹകരണ മേഖലയിലെ സുപ്രധാന ചുവടുവയ്പായ കേരള ബാങ്കിന്റെ രൂപീകരണ ഘട്ടം മുതൽ ഇതുവരെ, സഹകരണ വകുപ്പ് സെക്രട്ടറി എന്ന നിലയിൽ ബാങ്കിന്റെ പ്രവർത്തനങ്ങൾക്കും വളർച്ചക്കും ശക്തമായ പിൻതുണ നൽകിയ ശ്രീമതി മിനി ആന്റണി IAS സ്തുത്യർഹമായ ഔദ്യോഗിക ജീവിതത്തിൽ നിന്ന് 2024 മെയ് 31 ന് വിരമിക്കുകയാണ്.**
**സഹകരണ വകുപ്പിനു പുറമെ സാംസ്കാരികം, I&PRD, മൈനോറിറ്റി അഫയേഴ്സ്, ആർക്കൈവ്സ്, ആർക്കിയോളജി & മ്യൂസിയം എന്നീ വകുപ്പുകളുടെ ചുമതലയും വഹിക്കുന്നുണ്ട്.**

**കേരള ബാങ്കിന്റെ മുഖപത്രമായ മഴവില്ലിന് ആ പേര് നിർദ്ദേശിച്ച മാഡം മഴവിൽ ടീം അംഗങ്ങൾക്ക് അനുവദിച്ച ഇന്റർവ്യൂവിൽ നിന്ന് ......**

**? കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് തുടക്കം മുതലുള്ള എല്ലാ നടപടികളുടെയും നേതൃത്വം വഹിച്ച വ്യക്തി എന്ന നിലയിൽ, ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു. മാഡത്തിന്റെ മനസ്സിൽ തങ്ങി നിൽക്കുന്ന ഒന്ന്, രണ്ട് പ്രധാന സംഭവങ്ങൾ.**

രൂപീകരണ ശ്രമങ്ങളുടെ ഭാഗമായി സഹകരണ വകുപ്പ് മന്ത്രിയുടേയും ചീഫ് സെക്രട്ടറിയുടേയും ഒപ്പം റിസർവ്വ് ബാങ്ക് ഗവർണറെയും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയേയും സന്ദർശിച്ച് ആവശ്യത്തിന്റെ യുക്തി അവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞതും, ലയത്തിനെതിരെയുണ്ടായിരുന്ന ഹർജികൾ കോടതി തീർപ്പാക്കി കഴിഞ്ഞ് 2019 ഡിസംബർ 6 ന് നിശാഗന്ധിയിൽ ബഹു. മുഖ്യമന്ത്രി ആദ്യമായി കേരള ബാങ്കിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയതും മറക്കാനാവാത്ത മുഹൂർത്തങ്ങളാണ്.

**? കേരളത്തിലെ സഹകരണ മേഖലയുടെ ചരിത്രം കേരള ബാങ്ക് രൂപീകരണത്തിന് മുൻപും ശേഷവും എന്ന് തരംതിരിക്കുന്നതിന്റെ പ്രസക്തി.**

പ്രൊഫഷണലിസത്തോടെയുള്ള മാനേജ്മെന്റും സാങ്കേതിക വിദ്യയുടെ പിൻബലവും ഉള്ള ഒരു അപ്പെക്സ് സ്ഥാപനം കേരളം മുഴുവനുമുള്ള ഷോർട്ട് ടേം ക്രെഡിറ്റ് സംവിധാനത്തിന്റെ തലപ്പത്ത് വരുകയും 14 ജില്ലാ ബാങ്കുകളിലും നിലനിന്നിരുന്ന വ്യത്യസ്ത മാനദണ്ഡങ്ങളും സമീപനങ്ങളും ഏകീകരിക്കപ്പെടുകയും സംസ്ഥാന സർക്കാർ അതിന്റെ മാനേജ്മെന്റിൽ നേരിട്ട് പങ്കാളിയാകുകയും ചെയ്ത് 823 ശാഖകളും ഒരു കോടിയിലേയ്ക്കെത്തുന്ന അക്കൗണ്ട് ഉടമകളും ഉള്ള ഒരു മുൻനിര ധനകാര്യ സ്ഥാപനം സൃഷ്ടിക്കപ്പെട്ടത് സഹകരണമേഖലയിലെ തീർച്ചയായും നാഴികക്കല്ലാണ്.

**? കേരള ബാങ്കിന്റെ ഇടക്കാല ഭരണസമിതി ചെയർ പേഴ്സൺ, ബാങ്കിന്റെ ഡയറക്ടർ ബോർഡ് മെമ്പർ, സഹകരണ വകുപ്പ് സെക്രട്ടറി എന്നീ**



**നിലകളിലുള്ള മാധത്തിന്റെ സേവനകാലത്തെക്കുറിച്ച്.**

ഇടക്കാല ഭരണസമിതിയുടെ ഉത്തരവാദിത്വം വലുതായിരുന്നു. ഇത്രയേറെ ഇടപാടുകാരും ജീവനക്കാരുമുള്ള പതിനഞ്ച് ജനകീയ സ്ഥാപനങ്ങൾ ഒരുമിച്ച് ഒരു ഘടനാമാറ്റത്തിലൂടെയും ഭരണമാറ്റത്തിലൂടെയും കടന്നു പോകുന്നതിന്റെ ആഘാതം പ്രവർത്തന മേഖലയിൽ ആശയക്കുഴപ്പമോ മാന്ദ്യമോ ഏൽപ്പിക്കാതെ നിലനിർത്തിക്കൊണ്ട് ഈ ചുവടു മാറ്റത്തിന്റെ സന്ദേശം ശക്തമായി ഏവരിലും എത്തിക്കേണ്ടിയിരുന്നു. കണക്കുകളുടെ ഏകീകരണം, വലിയ വെല്ലു വിളിയുയർത്തിയ ഉദ്യോഗസ്ഥ സംയോജനം (Staff Integration), ബാങ്കിന്റെ നൂതന സ്ഥാപന ഘടനയുടെ (organogram) രൂപീകരണം, വിവിധ പോളിസികൾ രൂപീകരിക്കൽ, RBI –യിൽ നിന്ന് ആദ്യം ലഭിച്ച 769 ബ്രാഞ്ചുകൾക്ക് ലൈസൻസ് നേടിയെടുക്കൽ, അധികാരങ്ങളുടെ ഡെലിഗേഷൻ, റീജനൽ ഓഫീസുകളും CPC- കളും പ്രവർത്തനമാക്കൽ ബാങ്കിന്റെ പുത്തൻ മുഖച്ഛായ സൃഷ്ടിക്കൽ- ലോഗോ, കളർ കോഡ്, ബോർഡുകൾ തുടങ്ങിയവ, IT integration-നുള്ള ടെൻഡർ ചെയ്യൽ, ആദ്യ ജനറൽ ബോഡി വിളിച്ചു കൂട്ടൽ തുടങ്ങി ശ്രമകരമായ എത്രയോ ജോലികൾ ഒരു വർഷം കൊണ്ട് പൂർത്തിയാക്കി. പുതിയ സ്ഥാപനം അതിന്റെ തന്നെ ചക്രങ്ങളിൽ ഓടിത്തുടങ്ങിയിട്ടാണ് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്ത് ഭരണം ഏൽപ്പിച്ചത്.

**? സഹകരണ മേഖലയുടെ ശക്തിയായി കേരള ബാങ്കിനെ വിശേഷിപ്പിക്കാമോ. ബാങ്കിന്റെ ഭാവിയെപ്പറ്റിയുള്ള ആശങ്കയും പ്രതീക്ഷയും.**

സഹകരണ മേഖലയിലെ ഏറ്റവും സുപ്രധാനമായ ഒരു ചുവടുവെയ്പ്പാണ് കേരളബാങ്ക് രൂപീകരണം. സാധാരണക്കാരന് ആശ്രയിക്കാവുന്നതും എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഉറപ്പാക്കുന്നതുമാവണം കേരളബാങ്ക്. ആശങ്കയും പ്രതീക്ഷയും. പരമ്പരാഗത പ്രവർത്തനശൈലിയിൽ നിന്ന് മാറി സമൂഹത്തിലെ വിശാലമായ അവസരങ്ങൾ കണ്ടെത്തി ബിസിനസ്സ് വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങൾ കൂടുതലായിട്ടുണ്ടാവണം. ഉദ്യോഗസ്ഥർക്കും, സംരംഭകർക്കും, കോർപ്പറേറ്റുകൾക്കും മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന തരത്തിൽ പ്രൊഫഷണലിസം വളർന്നു വരണം. ഭവന വായ്പയും, വാഹനവായ്പയും കാലാനുസൃതമായ മാറ്റങ്ങളോടെ ജനങ്ങളിലേക്ക് കൂടുതലായി എത്തണം. അപേക്ഷ സ്വീകരിക്കുന്നതു മുതൽ പരിശോധനാ രീതികൾക്കു വരെ മാറ്റം വരണം. ആവശ്യക്കാരന് എത്രയും പെട്ടെന്ന് വായ്പ നൽകാൻ കഴിയുന്ന തരത്തിലേക്ക് ബാങ്ക് വളരണം. ബ്രാഞ്ചിന്റെ വിന്യാസത്തിലും ശ്രദ്ധ ആവശ്യമാണ്. Urban Area യിൽ ബ്രാഞ്ചിന്റെ എണ്ണം കൂട്ടുന്നതും ബിസിനസ്സ് വളർച്ചയ്ക്ക് സഹായകമാകും.

**? മാധത്തിന്റെ പഠന കാലം, IAS നേട്ടം, ജില്ലാ കളക്ടർ മുതൽ ഗവൺമെന്റ് സെക്രട്ടറി വരെയുള്ള സ്തുത്യർഹമായ IAS ജീവിതത്തിലെ ചില ഓർമ്മകൾ – ഇവയെക്കുറിച്ച്.**

സ്കൂൾ പഠനം സ്വദേശമായ ആലപ്പുഴയിലായിരുന്നു. ചങ്ങനാശ്ശേരി SB കോളേജിലായിരുന്നു എം.എ വരെയുള്ള കോളേജ് വിദ്യാഭ്യാസം. ഗോൾഡ് മെഡലോടെ ഒന്നാം റാങ്ക് നേടിയാണ് ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ നേടിയത്. കോളേജ് യൂണിയൻ ചെയർ പേഴ്സണായും പ്രവർത്തിച്ചു. സംസ്ഥാന സ്കൂൾ, കോളേജ് യുവജനോത്സവങ്ങളിൽ പ്രസംഗത്തിന് തുടർച്ചയായി ഒന്നാം സ്ഥാനം നേടാനായി. ഔദ്യോഗികജീവിതം ഔദ്യോഗിക ജീവിതത്തിന്റെ ആരംഭം മുതൽ ഇതു വരെയുള്ള പ്രവർത്തനങ്ങളിൽ സന്തുഷ്ടയാണ്. കോട്ടയം



കളക്ടർ ആയിരുന്ന കാലത്താണ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഇടപ്പെട്ട് പ്രവർത്തിക്കാനായത്. MC റോഡ് വികസനം, കോട്ടയം റെയിൽ പാത ഇരട്ടിപ്പിക്കൽ, ബൈപ്പാസിന്റെ വികസനം തുടങ്ങി ധാരാളം വികസന പദ്ധതികൾ പൂർത്തിയാക്കാൻ ആ കാലത്ത് കഴിഞ്ഞു. 2009, 2010, 2011 കാലഘട്ടത്തിൽ തുടർച്ചയായി 3 വർഷം മികച്ച ജില്ലാ ഭരണ കൂടത്തിനുള്ള അവാർഡും, മികച്ച കളക്ടർക്കുള്ള അവാർഡും നേടാനായി. സർക്കാർ മാറി വന്ന കാലമായിട്ടും കോട്ടയം കളക്ടറായി കൂടുതൽ കാലം പ്രവർത്തിക്കാനായതും അംഗീകാരമായി കരുതുന്നു. **എല്ലാ വകുപ്പുകളും ഒരു പോലെ പ്രിയപ്പെട്ടതും പ്രധാനവുമാണ്.** സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ച് ഭരണം നടത്തുക എന്നതാണ് ലക്ഷ്യം. ഭക്ഷ്യവകുപ്പിന്റെ ചുമതല വഹിച്ചപ്പോൾ അനധികൃത റേഷൻ തട്ടിപ്പ് തടയാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമായി കരുതുന്നു. പൊതു വിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടറൈസേഷനിലൂടെ വിരലടയാളം പതിച്ച് ആളെ ഉറപ്പാക്കിയുള്ള e- pos റേഷൻ വിതരണം നടപ്പാക്കിയതു വഴി 225 കോടി രൂപയുടെ മിച്ച ധാന്യമാണ് ലഭിച്ചത്. സാംസ്കാരിക വകുപ്പിനു കീഴിൽ നാടിന്റെ പൈതൃകവും പാരമ്പര്യവും സംരക്ഷിക്കാനും അത് പൊതു ജനങ്ങളിലേക്ക് പരമാവധി എത്തിക്കാനും ശ്രമിച്ചു. തിരുവനന്തപുരം നിയമസഭാ മ്യൂസിയം ജനങ്ങൾക്ക് കാണാൻ അവസരം ഒരുക്കിയതും, നേപ്പിയർ മ്യൂസിയത്തിൽ രാജാരവിവർമ്മയുടെ ആർട്ട് ഗാലറി തുറന്നതും സന്തോഷകരമാണ്. പ്രസാധക രംഗത്തെ ചൂഷണം തടയാൻ 78 വർഷം മുൻപ് രൂപീകരിച്ച സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിനും, വരും തലമുറയ്ക്കുള്ള ഒരു സമ്മാനമായിട്ടാണ് സഹകരണ വകുപ്പ് കോട്ടയത്ത് അക്ഷര മ്യൂസിയം ഒരുക്കുന്നത്. നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനുമുള്ള അംഗീകാരം കൂടിയാണത്. പ്രളയ കാലത്ത് മറ്റൊരു വകുപ്പിനും ചെയ്യാൻ കഴിയാനാവാത്ത വിധം ഭവനം നഷ്ടപ്പെട്ടവർക്ക് സമൂഹത്തിൽ നിന്ന് സംഭരിച്ച പണം ഉപയോഗിച്ച് 2200 വീടുകളും ഫ്ളാറ്റ് സമുച്ചയവും നിർമ്മിക്കാനായി.

**? പ്രസംഗം ഒരു കലയാണെന്ന വസ്തുത മാഡത്തിന്റെ ഓരോ പ്രസംഗം കേൾക്കുമ്പോഴും തോന്നാറുണ്ട്. വായനാശീലം ഇതിന് എത്രത്തോളം സഹായിച്ചിട്ടുണ്ട്.**

ചെറുപ്പം മുതലേ ധാരാളം പുസ്തകങ്ങൾ വായിക്കാറുണ്ട്. ഔദ്യോഗിക തിരക്കു കൂടിയപ്പോൾ പൊതു വായനയെക്കാൾ ജോലിയുടെ ഭാഗമായുള്ള പഠനങ്ങളും വായനയുമാണുള്ളത്. നമ്മുടെ **പ്രവർത്തന മണ്ഡലം മനസ്സിലാക്കുക, ആശയം ഉൾക്കൊണ്ട് പഠിക്കുക ആത്മാർത്ഥമായ ജോലിയുടെ കാതൽ അതാണ്.** ആ ആത്മാർത്ഥത നമ്മുടെ സംസാരത്തിലും പ്രവർത്തനത്തിലും പ്രതിഫലിക്കും. ജനനന്മക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും അവയുടെ വിജയവും അപ്പോൾ നമ്മുടെയും ലക്ഷ്യമാകും.

**? No.1 ബാങ്ക് എന്ന ലക്ഷ്യം നേടാനായി പ്രവർത്തിക്കുന്ന കേരള ബാങ്ക് ജീവനക്കാർക്ക് നൽകുന്ന സന്ദേശം.**

ഷെഡ്യൂൾഡ് ബാങ്കുകൾ, ന്യൂ ജെൻ ബാങ്കുകൾ, മൾട്ടിപർപസ് ബാങ്കുകൾ തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളുമായുള്ള മത്സരങ്ങളെ അതിജീവിക്കാൻ കഴിയണം. സേവനം വഴിതെറ്റാൻ ഇടയാകരുത്. ബാങ്കിന്റെ ഉപഭോക്താക്കളായ സംഘങ്ങളെയും, വ്യക്തികളെയും ഉൾക്കൊള്ളാൻ കഴിയണം. അവരോട് ഒരു രക്ഷാകർതൃ മനോഭാവം ജീവനക്കാർക്ക് ഉറപ്പായും ഉണ്ടാവണം. നാളെയുടെ ശക്തിയായി, കേരളത്തിന്റെ അഭിമാനമായി കേരള ബാങ്ക് കൂടുതൽ ഉയരങ്ങൾ കൈയ്യടക്കട്ടെ.





കേരളത്തിന്റെ വികസന പ്രക്രിയയിൽ കാതലായ പങ്ക വഹിക്കുന്ന സഹകരണ മേഖലയുടെ വിജയകരമായ പ്രയാണത്തിന് ദീർഘകാലമായി നേതൃത്വം വഹിച്ച സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആൻ്റണി IAS ന്റെ യാത്രയയപ്പ് സമ്മേളനം ബഹു സഹകരണ വകുപ്പ് മന്ത്രി ശ്രീ.വി.എൻ വാസവൻ ഉദ്ഘാടനം ചെയ്തു.
കേരള ആർട്സ് & ക്രാഫ്റ്റ് വില്ലേജിൽ നടന്ന യോഗം സഹകരണ സംഘം രജിസ്ട്രാർ ശ്രീ. ടി.വി. സുഭാഷ് ഐഎഎസ്, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ കോലിയക്കോട് കൃഷ്ണൻ നായർ, കേരള ബാങ്ക് പ്രസിഡൻ്റ് ശ്രീ ഗോപി കോട്ടമുറിയ്ക്കൽ, നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി. ഗോപകുമാരൻ നായർ, അഡ്വ.വി. ജോയ് എംഎൽഎ എന്നിവർ സംബന്ധിച്ചു.



# ഒരു പ്രചോദനഗീതമായ് ...

**കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രഥമ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ. സി സഹദേവൻ സഹകരണ മേഖലയിലെ 37 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം 2024 മെയ് 31 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയാണ്. കേരള ബാങ്കെന്ന ആശയം രൂപപ്പെട്ടതു മുതൽ അത് യാഥാർത്ഥ്യമാകുന്നതുവരെ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളി ആയിരുന്ന അദ്ദേഹത്തിന്റെ അനുഭവ സമ്പത്തും ആർജ്ജവവും കേരള ബാങ്കിന്റെ വളർച്ചക്ക് ശക്തമായ അടിത്തറ ഒരുക്കി. അദ്ദേഹം പങ്കു വച്ച ആശയങ്ങളിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ:**

**? 3 tier സംവിധാനത്തിന്റെ 3 തലങ്ങളിലും പ്രവർത്തിച്ച വ്യക്തി എന്ന നിലയിൽ കേരള ബാങ്ക് രൂപീകരണത്തോടെ നടപ്പായ 2 tier സംവിധാനത്തെ അങ്ങ് എങ്ങനെ വിലയിരുത്തുന്നു ?**

കേരളത്തിലെ സഹകരണ മേഖലയിൽ നടപ്പാക്കിയ 2 tier സംവിധാനം പെട്ടെന്ന് സംഭവിച്ചതല്ല. 5-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പഠനം നടത്തിയ All India Rural Credit Committee, 1974 ൽ തന്നെ കേരളം, ഹരിയാന, പഞ്ചാബ് തുടങ്ങിയ ചെറിയ സംസ്ഥാനങ്ങളിൽ 2 tier സംവിധാനമാണ് ഉചിതമായത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ സഹകരണ മന്ത്രി ആയിരുന്ന 1996 ൽ സഹകരണ മേഖലയെക്കുറിച്ച് പഠനം നടത്താൻ നിയോഗിച്ച ഡോ. രഞ്ജിത്ത് കമ്മിറ്റി കേരളത്തിലെ ജില്ലാ സഹകരണ ബാങ്കും, സംസ്ഥാന സഹകരണ ബാങ്കും ഒന്നിച്ച് 2 tier സംവിധാനം നടപ്പാക്കുന്നതിനെക്കുറിച്ച് അനുകൂല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ അന്ന് അത് പ്രാവർത്തികമായില്ല.

ബഹു. ശ്രീ.പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ 2016 ൽ വീണ്ടും കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട് കൂടുതൽ പഠനത്തിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫ. എം.എസ്. ശ്രീറാം അദ്ധ്യക്ഷനായ കമ്മറ്റിയെ നിയോഗിച്ചു.

ശ്രീറാം കമ്മിറ്റിയുടെ 2017 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ നിലയിൽ കേരള ബാങ്ക് രൂപീകരണം സാധ്യമായത്. വളരെ സമഗ്രവും കാര്യക്ഷമവുമായ പഠനത്തിന്റെ ഫലമാണ് കേരളത്തിലെ സഹകരണ മേഖല 3 tier ൽ നിന്ന് 2 tier ലേക്ക്

മാറിയത്. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി വളരെ ശക്തമായ ക്രെഡിറ്റ് മേഖല പ്രവർത്തിക്കുന്ന കേരളത്തിലെ സഹകരണ മേഖലയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് വളരെ ഗുണകരമാണ് ഈ 2 tier സംവിധാനം. കേരളത്തിന്റെ സഹകരണ മേഖലയുടെ ഭാവി ശക്തിപ്പെടുത്താൻ ഈ മാറ്റം സഹായിക്കും. അതിന്റെ ഗുണഫലങ്ങൾ വരാനിരിക്കുന്നതേയുള്ളൂ.

**? ലയനത്തിന് മുൻപുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അവസാനത്തെ ചീഫ് ജനറൽ മാനേജർ, കേരള ബാങ്കിന്റെ ആദ്യ ചീഫ് ജനറൽ മാനേജർ, ആദ്യത്തെ എക്സിക്യൂട്ടീവ് ഡയറക്ടർ ഈ രീതിയിൽ വളരെ പ്രത്യേകതയുള്ള തസ്തികകളിലെ അങ്ങയുടെ ഔദ്യോഗിക ജീവിതത്തെക്കുറിച്ച് ?**

കേരള ബാങ്ക് രൂപീകരണം എന്ന മഹത്തായ ആശയം ചർച്ച ചെയ്യുന്ന ഘട്ടം മുതൽ തുടർച്ചയായി അതിന്റെ ഭാഗമാകാൻ കഴിഞ്ഞു എന്നതാണ് വ്യക്തിപരമായി ഔദ്യോഗിക ജീവിതത്തിലെ ഏറ്റവും വലിയ നേട്ടവും അഭിമാനവും. കേരള സഹകരണ മേഖലയിലെ ചരിത്രപരമായ ഒരു നാഴികകല്ലാണ് കേരള ബാങ്ക് രൂപീകരണം. പോരായ്മകൾ ഉണ്ടാകാമെങ്കിലും ഒട്ടേറെ കാര്യങ്ങൾ സഹകരണ മേഖലക്കുവേണ്ടി ചെയ്യാൻ കഴിഞ്ഞു എന്നത് ആത്മസംതൃപ്തി നൽകുന്നുണ്ട്. കണ്ണൂർ മലപ്പട്ടം സർവീസ് സഹകരണ ബാങ്കിൽ 1987 ൽ ആണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തുടർന്നുള്ള 25 വർഷം കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ക്ലർക്ക് മുതൽ ഡെപ്യൂട്ടി ജനറൽ മാനേജർ വരെയുള്ള എല്ലാ തസ്തികയിലും ജോലി ചെയ്യാൻ കഴിഞ്ഞു. 2014 മുതൽ ചുരുങ്ങിയ കാലം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ജനറൽ മാനേജർ തസ്തികയിലും പ്രവർത്തിച്ചു. 2015 മുതലുള്ള 9 വർഷം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും തുടർന്ന് കേരള ബാങ്കിന്റെയും ഭാഗമായി.

വ്യക്തിപരമായ നേട്ടങ്ങൾ എന്നതല്ല സർക്കാരിന്റെ ഉദ്ദേശ്യങ്ങളെ സഹായിക്കാനും കൂടെ നിന്ന് വിജയിപ്പിക്കാനും കഴിഞ്ഞു എന്നതാണ് ഔദ്യോഗിക ജീവിതത്തിലും വ്യക്തി ജീവിതത്തിലും ആത്മസംതൃപ്തി നൽകുന്നത്.

**? കേരള ബാങ്കിന്റെ പ്രചോദനഗീതം എഴുതിയ അങ്ങയ്ക്ക് കവിതാ രചന പോലെ പ്രിയപ്പെട്ടതാണ് ചിത്രരചനയും എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്കിംഗ് തിരക്കുകൾക്കിടയിൽ എങ്ങനെയാണ് കലാവാസനകൾക്ക് സമയം കണ്ടെത്തുന്നത് ?**

കവിതയും സാഹിത്യവും ഇഷ്ടപ്പെട്ട മേഖലകളാണ്. എന്നുകരുതി ഞാനൊരു സാഹിത്യകാരനോ എഴുത്തുകാരനോ അല്ല. കോളേജ് കാലഘട്ടം മുതൽ സാഹിത്യത്തിൽ തത്പരനായിരുന്നു. കേരള ബാങ്കിന്റെ ഭരണ സമിതി അംഗം ശ്രീ. ഹരിശങ്കറാണ് കേരള ബാങ്കിന്റെ പ്രചോദനഗീതം എഴുതാനുള്ള പ്രേരണയും പ്രചോദനവും നൽകിയത്. അത് നന്നായി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. കോളേജ് കാലഘട്ടത്തിൽ ചിത്രരചനയിലും സ്പോർട്സിലും താത്പര്യമുണ്ടായിരുന്നു. ആ കാലത്ത് ഒരു നല്ല വോളിബോൾ പ്ലയർ ആയിരുന്നു. 1987 ന് ശേഷം ഔദ്യോഗിക ജോലിത്തിരക്കിലേയ്ക്ക് മാറിയതിനാൽ ഇത്തരം താത്പര്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകാൻ കഴിഞ്ഞില്ല. എങ്കിലും വായനാശീലം അന്നും ഇന്നും തുടരുന്നുണ്ട്.

**? സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും നേരിട്ട് മനസ്സിലാക്കിയ വ്യക്തി എന്ന നിലയിൽ കേരള ബാങ്ക് രൂപീകരണത്തിന് മുൻപും ശേഷവും എന്ന് കേരളത്തിലെ സഹകരണ മേഖലയെ തരംതിരിക്കുന്നതിന്റെ പ്രസക്തി ? ബാങ്കിന്റെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ ?**

**കേരളത്തിലെ സഹകരണ മേഖലയുടെ ചരിത്രം ഭാവിതലമുറ രേഖപ്പെടുത്തുന്നത് കേരള ബാങ്കിന്റെ രൂപീകരണത്തിന് മുൻപും കേരള ബാങ്കിന്റെ രൂപീകരണത്തിന് ശേഷവും എന്ന രീതിയിലായിരിക്കും.** 100 വർഷത്തിലധികം പഴക്കമുള്ള കേരളത്തിന്റെ സഹകരണ മേഖലയുടെ ചരിത്രത്തിൽ കേരള ബാങ്കിന്റെ രൂപീകരണം ഒരു സുപ്രധാന നാഴികക്കല്ലായിരിക്കും. ക്രെഡിറ്റ് മേഖലയാണ് കേരളത്തിലെ സഹകരണ




മേഖലയുടെ ശക്തമായ അടിത്തറ.

ആ ക്രെഡിറ്റ് മേഖലയെ കൂടുതൽ ശക്തിപ്പെടുത്തി ഭാവിയിൽ കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കും എത്രമാത്രം ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്ന സർക്കാരിന്റെ ആശയത്തിന്റെ ഭാഗമായാണ് കേരള ബാങ്ക് രൂപീകരണം ഉണ്ടാകുന്നത്. നിലവിൽ പരിമിതികൾ ഉണ്ടെങ്കിലും അതിവിദൂരമല്ലാത്ത ഭാവിയിൽ കേരളത്തിലെ നമ്പർ 1 ബാങ്കായി കേരള ബാങ്ക് മാറും. പൊതുമേഖല ബാങ്കുകൾക്ക് പകരമുള്ള ഒരു ബാങ്കല്ല കേരള ബാങ്ക്. ജനകീയതയും, സഹകരണ തൻമയത്വവും നിലനിർത്തിക്കൊണ്ട് എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടി തന്നെ ഒരു ബാങ്ക് ഉണ്ടാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. കാരണം സ്വകാര്യ പൊതു മേഖല ബാങ്കിൽ നിന്ന് വേണ്ടത്ര സേവനം ലഭ്യമാകാത്ത **സമൂഹത്തിലെ സാധാരണക്കാരായ 40% ത്തോളം ജനങ്ങൾക്ക് എല്ലാ ആധുനിക സംവിധാനങ്ങളും സഹകരണ മേഖലയിൽ ഉറപ്പാക്കുക എന്നതാണ് കേരള ബാങ്ക് രൂപീകരണത്തിന്റെ ലക്ഷ്യം.** അതുകൊണ്ട് തന്നെ ഈ ബാങ്ക് സഹകരണ മേഖലയിൽ തന്നെ തുടരേണ്ടത് അത്യാവശ്യമാണ്.

**? കേരളത്തിലെ സഹകരണ മേഖല കേരള ബാങ്ക് രൂപീകരണത്തോടെ ദ്വിതല സംവിധാനത്തിലേയ്ക്ക് എത്തപ്പെട്ടതിന് ശേഷം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉണ്ടായ നേട്ടങ്ങളെക്കുറിച്ച് അങ്ങയുടെ അഭിപ്രായം ?**

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സഹകരണ മേഖല വളരെയേറെ പുരോഗതി പ്രാപിച്ച ഒന്നാണ്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹകരണ മേഖലയുടെ സാമ്പത്തിക ശേഷി ഉപയോഗപ്പെടുത്തുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനം ഉണ്ടാകുകയും അത് സുശക്തമായ ആധുനിക സംവിധാനങ്ങളോടെ കെട്ടിപ്പടുക്കുകയും ചെയ്യുന്നതിലൂടെ പ്രാദേശിക അസംതുലിതാവസ്ഥ ഇല്ലാതെ സാമ്പത്തിക സഹായങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തിക്കാമെന്നതാണ് ദ്വിതല സംവിധാനത്തിന്റെ പ്രധാന പ്രസക്തി.

അതുകൊണ്ട് തന്നെ 1600-ൽ അധികം വരുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ കേരള ബാങ്കിന് സാധിക്കും. നബാർഡ് പോലെയുള്ള ഉയർന്ന ധനകാര്യ ഏജൻസികൾ വഴി ലഭ്യമാകുന്ന ഫണ്ട്, കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ധനസഹായങ്ങളും സേവനങ്ങളും കേരള ബാങ്ക് വഴി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലൂടെ ജനങ്ങളിലേയ്ക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കാൻ കഴിയും. ഉദാഹരണമായി കേരള ബാങ്ക് നിലവിൽ വരുമ്പോൾ കേവലം മൂവായിരം കോടി ആയിരുന്ന കാർഷിക വായ്പാ വിതരണം 5300 കോടി രൂപയിലേയ്ക്ക് വളർത്താൻ കഴിഞ്ഞു. അതുപോലെ കോവിഡ് കാലത്ത് സമൂഹത്തിലെ പണലഭ്യത (Liquidity Crisis) പരിഹരിക്കുന്നതിന് നബാർഡ് വിതരണം ചെയ്ത Special Liquidity fund (SLF) ഏറ്റവും കൂടുതൽ ലഭ്യമായ സംസ്ഥാനം (2500 കോടി രൂപ) കേരളമാണ്. ആ ഘട്ടത്തിൽ കേരള ബാങ്ക്

ഉണ്ടായതുകൊണ്ടാണ് കുറഞ്ഞ പലിശ നിരക്കിൽ സാധാരണക്കാരിലേയ്ക്ക് ആ പണം എത്തിക്കാൻ കഴിഞ്ഞത്.
പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി കാർഷിക മേഖലയിൽ നൂതന സംരംഭങ്ങൾ ഉറപ്പാക്കുന്നതിന് സംഘങ്ങൾക്ക് നൽകുന്ന Special Refinance fund ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിതരണം ചെയ്തത് കേരള ബാങ്കാണ്. അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിന്റെ ധനസഹായത്തോടെ ഒരു ശതമാനം പലിശ നിരക്കിൽ ഏറ്റവും കൂടുതൽ തുക വായ്പ നൽകിയതും കേരള ബാങ്കാണ്. ഭാവിയിലും കേന്ദ്ര സംസ്ഥാന സർക്കാരിന്റെ എല്ലാ വിധ സഹായധനങ്ങളും ഇടപെടലുകളും PACS ലേയ്ക്കും അത് വഴി ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിൽ കേരള ബാങ്കിന്റെ പങ്ക് വലുതാണ്. നബാർഡിന്റെ റീഫിനാൻസ് കേരള ബാങ്ക് വഴിയാണ് സംഘങ്ങൾക്ക് ലഭ്യമാകുന്നത്.




**? കേരളത്തിന്റെ ബദൽ ബാങ്കിംഗ് കേരള ബാങ്കിലൂടെ നടപ്പിൽ വരുത്തുക എന്ന കേരള സർക്കാരിന്റെ വിശിഷ്യ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ആശയം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്നാണ് അങ്ങയുടെ അഭിപ്രായം ?**

തീർച്ചയായും ബാങ്കിംഗ് മേഖലയിൽ ഒരു ജനകീയ ബദൽ ആണ് കേരള ബാങ്ക്. സഹകരണ മേഖലയുടെ ഒരു ബദൽ തന്നെയാണിത്. ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഉറപ്പ് നൽകിക്കൊണ്ട് സഹകരണ മേഖലയിൽ സുശക്തമായ ബാങ്ക് കെട്ടിപ്പടുക്കുന്നതിലൂടെ സഹകരണ മേഖലയിൽ ഒരു യൂണിവേഴ്സൽ ബാങ്ക് എന്നതാണ് കേരള ബാങ്ക് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. പൂർണ്ണമായിട്ടില്ലെങ്കിലും ആ ലക്ഷ്യം കൈവരിക്കുന്നതിൽ കേരള ബാങ്ക് വളരെ മുമ്പോട്ട് പോയിട്ടുണ്ട്. നിലവിൽ ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ ബാങ്കാണിത്. ഇന്നുള്ള പരിമിതികൾ അതിജീവിച്ച് നമ്മുക്ക് ഇനിയും മുന്നേറാനുണ്ട്.

**? കേരള ബാങ്ക് ജീവനക്കാർക്കുള്ള സന്ദേശം ?**

കേരള ബാങ്ക് രൂപീകരണത്തിലൂടെ സംസ്ഥാന-ജില്ല സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് ഇതിന് മുമ്പുള്ളതിനേക്കാൾ ഉയർന്ന അന്തസ് സമൂഹത്തിൽ ലഭിച്ചു. പൊതു സമൂഹത്തിൽ കേരള ബാങ്ക് ജീവനക്കാർക്ക് വലിയ സ്വീകാര്യതയാണുള്ളത്. ഓരോ ജീവനക്കാരന്റെയും വ്യക്തിപരമായ വളർച്ചയ്ക്ക് ലഭിച്ച അവസരമാണിത്. കേരള ബാങ്കിന്റെ വരവോടെ കരിയർ വളർച്ചയിൽ തുറന്ന കിട്ടിയ സാധ്യതകൾ പരമാവധി വിനിയോഗിച്ച് ഉയരാനുള്ള ബോധപൂർവ്വമായ ശ്രമം ജീവനക്കാരുടെ ഭാഗത്ത് നിന്ന് ഉണ്ടാകണം. കേരളത്തിന്റെ പൊതു സമൂഹം ആഗ്രഹിക്കുന്ന തരത്തിൽ ബാങ്കിനെ ഉയർത്തി കൊണ്ട് വരുന്നതിൽ സർക്കാരിനും ബാങ്ക് മാനേജ്മെന്റിനും ഒപ്പം യോജിപ്പോടെ കൂട്ടായ്മയോടെ പ്രവർത്തിക്കാൻ ജീവനക്കാർക്ക് കഴിയണം. ബാങ്കിന്റെയും കേരളത്തിന്റെയും വളർച്ചയോടൊപ്പം ജീവനക്കാരുടെ വളർച്ചയ്ക്കും അത് സഹായിക്കും. കേവലം ഒരു ജോലി എന്നതിലുപരി സഹകരണ മേഖലയിലെ ജീവനക്കാരുടെ പ്രവർത്തനം എന്നത് ഒരു സാമൂഹിക സമർപ്പണം കൂടിയാണ്. ആ ആശയം കൂടുതൽ ശക്തമാക്കിയുള്ള പ്രവർത്തനമാണ് വ്യക്തിയുടേയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് ആവശ്യം. എല്ലാവർക്കും ആശംസകൾ




# വിജയവഴികൾ

## കോഴിക്കോട്, വയനാട് ജില്ലകൾ ഉൾപ്പെട്ട കോഴിക്കോട് റീജിയനാണ് ഈ മാസം പരിചയപ്പെടുത്തുന്നത്.

**കേരള ബാങ്കിന്റെ പ്രധാന പ്രവർത്തന മേഖലയായ 7 റീജിയണൽ ഓഫീസുകളെയും അതിന്റെ പരിധിയിൽ വരുന്ന ജില്ലകളുടെ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുന്ന പംക്തി. ജില്ലയുടെ നേട്ടങ്ങൾ, സംഘങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങി പ്രധാന വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 7 പ്രധാന റീജിയണുകൾ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം.**

സഹകരണ രംഗത്ത് നൂറ്റാണ്ടിന്റെ ചരിത്ര പാരമ്പര്യമുള്ള നാടാണ് കോഴിക്കോടും വയനാടും ഉൾകൊള്ളുന്ന മലബാർ. മദ്രാസ് സംസ്ഥാനത്തെ മലബാർ ജില്ല പ്രവർത്തന പരിധിയായി 1917 ഡിസംബർ മൂന്നിനാണ് മലബാർ ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നത്. 1956 ൽ നവംബർ 1 ന് സംസ്ഥാന പുനസംഘടനാ നിയമം നിലവിൽ വന്നതിന്റെ ഭാഗമായി മലബാർ ജില്ല മദിരാശി സംസ്ഥാനത്തിൽ നിന്ന് വേറിട്ടതോടെ തിരുവിതാംകൂറും കൊച്ചിയും മലബാറും സൗത്ത് കനറയിൽപ്പെട്ട കാസർകോട് താലൂക്കും ചേർന്ന് കേരള സംസ്ഥാനം രൂപംകൊണ്ടു. അതോടെ മദിരാശി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കുമായുണ്ടായിരുന്ന ബന്ധം വിച്ഛേദിച്ച് മലബാർ ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക് കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ഭാഗമായി. 1957ൽ മലബാർ ജില്ലയെ പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളായി വിഭജിച്ചതോടെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി മലബാർ ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ പേര് 24.05.1958 ൽ മലബാർ കോ ഓപ്പറേറ്റീവ് സെൻട്രൽ ബാങ്ക് എന്നായി മാറി. വിവിധ റവന്യൂജില്ലകൾ നിലവിൽവരികയും ഓരോജില്ലക്കും സ്വന്തമായി സെൻട്രൽ ബാങ്കുകൾ വേണമെന്ന ആശയത്തിന്റെ ഭാഗമായി 01.07.1963 ന് പാലക്കാട്, കണ്ണൂർ ജില്ലാബാങ്കുകൾ നിലവിൽവന്നെങ്കിലും കോഴിക്കോട് ആസ്ഥാനമായി മലബാർ കോ ഓപ്പറേറ്റീവ് സെൻട്രൽ ബാങ്ക് (എം.സി.സി ബാങ്ക്) പ്രവർത്തനം തുടർന്നു. ഇക്കാലയളവിൽ കോഴിക്കോട്, വടകര, കൊയിലാണ്ടി, കൽപ്പറ്റ, മഞ്ചേരി,തിരൂർ തുടങ്ങിയ ശാഖകൾ കേന്ദ്രീകരിച്ചായിരുന്ന മലബാർ കോ ഓപ്പറേറ്റീവ് സെൻട്രൽ ബാങ്കിന്റെ

പ്രവർത്തനം. മലപ്പുറം, വയനാട് ജില്ലകളുടെ രൂപീകരണത്തോടെ മലപ്പുറം, വയനാട് ജില്ലാ സഹകരണ ബാങ്കുകൾ നിലവിൽ വരികയും എം.സി.സി ബാങ്കിന്റെ പ്രവർത്തന പരിധി കോഴിക്കോട് ജില്ലമാത്രമായി മാറി. 03.05.1985 നാണ് എം.സി.സി ബാങ്കിന്റെ പേര് കോഴിക്കോട് ജില്ലാ സഹകരണ ബാങ്കായി മാറ്റുന്നത്. വർഷം 38 കഴിഞ്ഞെങ്കിലും കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിന്റെ (മുൻ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ) ഹെഡ്ഡാഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഇന്നും അറിയപ്പെടുന്നത് എം.സി.സി എന്നപേരിലാണ് എന്നത് എം.സി.സി ബാങ്ക് മലബാറിന്റെ സഹകരണ ഭൂമികയിലുണ്ടാക്കിയ സ്വാധീനം വെളിവാക്കുന്നു. 102 വർഷത്തെ പ്രവർത്തന പാരമ്പര്യവുമായാണ് വയനാട്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾ 2019 നവംബർ 29 ന് കേരള ബാങ്കിന്റെ ഭാഗമാവുന്നത്. 10 ശതമാനത്തിന് മുകളിൽ മൂലധന പര്യാപ്തതയും നിഷ്ക്രിയ ആസ്തി 5 ശതമാനത്തിൽ താഴെയുമായി മികച്ച സാമ്പത്തിക അടിത്തറയുള്ള ബാങ്കായിരുന്നു ലയനസമയം കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്. കേരള ബാങ്കിന്റെ കോഴിക്കോട് ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിന് കീഴിലുള്ള 64 ഉം വയനാട് ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിന് കീഴിലുള്ള 36 ഉം ശാഖകൾ ഉൾപ്പെടെ 100 ശാഖകൾ ഉൾപ്പെടുന്നതാണ് കേരള ബാങ്കിന്റെ കോഴിക്കോട് റീജിയൺ.



**ശ്രീ. പി. ഗഗാറിൻ**
ഡയറക്ടർ, വയനാട് ജില്ല



**ശ്രീ. ഇ .രമേശ് ബാബു**
ഡയറക്ടർ, കോഴിക്കോട് ജില്ല

# പുരസ്കാരങ്ങളുടെ നിറവിൽ കോഴിക്കോട്



2022 ൽ ബി ദി നമ്പർവൺ കാമ്പയിനിൽ കേരള ബാങ്കിന്റെ മികച്ച റീജിയണൽ ഓഫീസ്, ക്രെഡിറ്റ് പ്രൊസസിംഗ് സെന്റർ, ശാഖ എന്നിവയ്ക്കുള്ള മിനിസ്റ്റേഴ്സ് ട്രോഫികൾ, 2023 ൽ ബി ദി നമ്പർവൺ ഫിനാലെ കാമ്പയിനിൽ മികച്ച ശാഖക്കുള്ള മിനിസ്റ്റേഴ്സ് ട്രോഫിയും മികച്ച മൂന്നാമത്തെ റീജിയണൽ ഓഫീസ്, ക്രെഡിറ്റ് പ്രൊസസിംഗ് സെന്റർ എന്നിവക്കുള്ള ട്രോഫികളും കോഴിക്കോട് കേരള ബാങ്ക് പ്രവർത്തനരംഗത്ത് നാല് വർഷം പിന്നിടുമ്പോൾ ബാങ്കിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക്വഹിച്ച് മുന്നോട്ട് പോകുകയാണ് കോഴിക്കോട്, വയനാട് സി.പി.സികൾ ഉൾകൊള്ളുന്ന കോഴിക്കോട് റീജിയൺ. 2023 ൽ ബി ദി നമ്പർവൺ ഫിനാലെ കാമ്പയിന്റെ ലക്ഷ്യങ്ങളായിരുന്ന CD Ratio 70 % ആയി ഉയർത്തുക, CASA നിക്ഷേപം 23 % ആയി ഉയർത്തുക, NPA 6% ആയി കുറക്കുക എന്നിവ കൈവരിച്ച ഏക റീജിയണൽ ഓഫീസ് കോഴിക്കോടും സി.പി.സികൾ കോഴിക്കോടും വയനാടുമായിരുന്നു. കേരള ബാങ്കിന്റെ മൊബൈൽ ബാങ്കിംഗ് സേവനങ്ങളുടെ പ്രചരണാർത്ഥം സംഘടിപ്പിച്ച കെ ബി പ്രൈം ചലഞ്ച് കാമ്പയിനിൽ ഏറ്റവും കൂടുതൽ കെ ബി പ്രൈം ഡൗൺലോഡ് ചെയ്ത റീജിയണൽ ഓഫീസും സി.പി.സിയും കോഴിക്കോടാണ്. കെ ബി പ്രൈം പ്ലസ് കൂടുതൽ ഡൗൺലോഡ് ചെയ്ത റീജിയണൽ ഓഫീസ് കോഴിക്കോടും സി.പി.സി വയനാടുമായിരുന്നു. കാമ്പയിൻ കാലത്ത് കൂടുതൽ അക്കൗണ്ടുകളിൽ യു.പി.ഐ രജിസ്ട്രേഷൻ നടത്തിയ റീജിയണൽ ഓഫീസും സി.പി.

സിയും കോഴിക്കോടാണ്. കേരള ബാങ്ക് സംഘടിപ്പിച്ച കാമ്പയിനുകളിൽ പുരസ്കാരങ്ങൾ വാരിക്കൂട്ടി മുന്നോട്ട് പോകുന്ന ടീം കോഴിക്കോടിന്റെ വിജയത്തിന് പിന്നിൽ ഭരണ സമിതി അംഗങ്ങളായ ശ്രീ. പി ഗഗാറിൻ (വയനാട്), ശ്രീ. ഇ രമേശ് ബാബു (കോഴിക്കോട്) എന്നിവരുടേയും നിലവിൽ റീജിയണൽ ജനറൽ മാനേജറായ ശ്രീ. ഷിബു എം പി, കോഴിക്കോട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജറായ ശ്രീ. പി രാജീവ്, വയനാട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജറായ ശ്രീ. ബിനു എൻ വി എന്നിവരുടേയും മുൻവർഷങ്ങളിൽ മേൽതസ്തികകളിൽ സേവനമനുഷ്ഠിച്ച ഉന്നത ഉദ്യോഗസ്ഥരുടേയും റീജിയണിലെ മുഴുവൻ ജീവനക്കാരുടേയും കഠിന പ്രയത്നം മാത്രമാണ്

## അഭിമാനമായി കോഴിക്കോട് എൻ.പി.എ ഏറ്റവും കുറവ് 4.59 %

പിന്നിട്ട സാമ്പത്തിക വർഷങ്ങളിലെല്ലാം കിട്ടാക്കടം ഏറ്റവും കുറഞ്ഞ റീജിയണൽ ഓഫീസ്, സി.പി.സി എന്ന അഭിമാനാർഹമായ നേട്ടങ്ങളുമായാണ് കോഴിക്കോട് റീജിയൺ മുന്നോട്ട് പോകുന്നത്. 2023-24 സാമ്പത്തിക വർഷം കോഴിക്കോട് റീജിയന്റെ നിഷ്ക്രിയ ആസ്തി 4.59 % വും കോഴിക്കോട് സി.പി.സിയുടേത് 4.36 %വുമാണ്. എൻ.പി.എ 5.49% എന്ന മികച്ച പ്രകടനവുമായി വയനാട് സി.പി.സിയും റീജിയണ് മികച്ച പിന്തുണ നൽകി വരുന്നു. കോഴിക്കോട് ജില്ലയിലെ 21 ശാഖകളും വയനാട് ജില്ലയിലെ 14 ശാഖകളും എൻ.പി.എ ലക്ഷ്യം കൈവരിച്ച് പ്രസിഡൻഷ്യൽ ക്ലബ്ബിൽ ഇടം നേടിയപ്പോൾ കോഴിക്കോട് ജില്ലയിലെ 56 ഉം വയനാട്ടിലെ 35 ഉം ശാഖകൾ കിട്ടാക്കടം മുൻവർഷത്തേതിനേക്കാൾ കുറച്ചു. കോഴിക്കോട് ജില്ലയിൽ ആകെയുള്ള 63 ൽ 44 ശാഖകളിലെ എൻ.പി.എ 7 ശതമാനത്തിൽ കുറവാണ്. അവയിൽ 33 ശാഖകളിൽ എൻ.പി.എ 5 ശതമാനത്തിലും ആറ് ശാഖകളിൽ ഒരു ശതമാനത്തിലും താഴെയാണെന്നത് പ്രവർത്തന മികവിന്റെ ഉദാത്ത മാതൃകയാണ്. വയനാട് ജില്ലയിലെ 36 ശാഖകളിൽ 21 ൽ എൻ.പി.എ 7 ശതമാനത്തിൽ കുറവാണ്. അവയിൽ 16 ശാഖകളിൽ 5 ശതമാനത്തിലും മൂന്ന് ശാഖകളിൽ ഒരു ശതമാനത്തിലും താഴെയാണ് എൻ.പി.എ. 2023-24 ൽ കോഴിക്കോട് സി.പി.സി മുൻവർഷത്തേതിനേക്കാൾ 39.67 കോടി രൂപയും വയനാട് സി.പി.സി 13.45 കോടി രൂപയും കുറച്ചു. വായ്പാ വിതരണത്തിലും മികച്ച പ്രകടനമാണ് ഇരു സി.പി.സികളും നടത്തിയത്. 2023-24 ൽ വായ്പയിൽ കോഴിക്കോട് സി.പി.സി 588.57 കോടി രൂപയുടേയും വയനാട് സി.പി.സി 102.35 കോടി രൂപയുടേയും വർദ്ധനവുണ്ടാക്കി. പോയവർഷം കോഴിക്കോട് ജില്ലയിൽ എം.എസ്.എം.ഇ വായ്പയിൽ 264.82 കോടി രൂപയും വയനാട്ടിൽ 45.2കോടിരൂപയും അധികമായി വിതരണം ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ, ജില്ലാ വ്യവസായ കേന്ദ്രം, നോർക്കറൂട്ട്സ്, ക്ഷീര വികസനവകുപ്പ്, കുടുംബശ്രീ സി.ഡി.എസ് എന്നിവയുമായി സഹകരിച്ച് ഇരുജില്ലകളിലും നിരവധി സംരംഭങ്ങൾക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്. വി ലിഫ്റ്റ് പദ്ധതിപ്രകാരമുള്ള സംരംഭങ്ങൾക്ക് സമയബന്ധിതമായി വായ്പകൾ വിതരണം ചെയ്തതിന് കോഴിക്കോട് സി.പി.സിക്ക് കോഴിക്കോട് കോർപ്പറേഷന്റെയും പി.എം.എഫ്.എം.ഇ, പി.എം.ഇ.ജി.പി വായ്പകൾ കൂടുതൽ വിതരണം ചെയ്തതിന് വയനാട് സി.പി.സിക്ക് ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2024 മാർച്ച് 31 വരെ കോഴിക്കോട് സി.പി.സി മൊബൈൽ ബാങ്കിംഗ് സേവനങ്ങളായ കെ ബി പ്രൈം 27094 പേർക്കും കെ ബി പ്രൈം പ്ലസ് 699 സ്ഥാപനങ്ങൾക്കും യു.പി.ഐ സേവനം 18070 പേർക്കും വയനാട് സി.പി.സി കെ ബി പ്രൈം 9561 പേർക്കും കെ ബി പ്രൈംപ്ലസ് 340 സ്ഥാപനങ്ങൾക്കും യു.പി.ഐ സേവനം 6931 പേർക്കും ലഭ്യമാക്കിയിട്ടുണ്ട്.



**ശ്രീ. ഷിബു എം.പി.**
റീജിയണൽ മാനേജർ
കോഴിക്കോട്

**2024-25 സാമ്പത്തിക വർഷം കോഴിക്കോട്, വയനാട് സി.പി. സികളിലെ കിട്ടാക്കടം 4 ശതമാനത്തിൽ താഴെയെത്തിക്കുക എന്നതാണ് ലക്ഷ്യം. റീജിയൺ - സി.പി.സി തലത്തിൽ നിക്ഷേപ സമാഹരണം, വായ്പാ വിതരണം, കുടിശ്ശിക നിവാരണം തുടങ്ങി സർവ്വ മേഖലകളിലും ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ കർമ്മ പദ്ധതികളുമായി മുന്നോട്ട്പോകുകയാണ് കോഴിക്കോട് റീജിയൺ.**

# മാറ്റത്തിന്റെ പാതയിൽ സഹകരണ ബാങ്കുകൾ

## മൾട്ടി സർവ്വീസ് സെന്ററുകൾക്കായി അനുവദിച്ചത് 81.71 കോടി




വിദേശത്തേയും സ്വദേശത്തേയും മാർക്കറ്റുകളിൽ സ്ഥിരം സാന്നിദ്ധ്യവും പ്രിയങ്കരവുമായി മാറിയ വെളിച്ചെണ്ണകൾ, മത്സ്യമേഖലക്ക് പുത്തനുണർവേകി ഫിഷ് പ്രൊസസിംഗ് സെന്റർ, പോളിക്ലിനിക്കുകൾ, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾ, മെഡിക്കൽ ലബോറട്ടികൾ, കോഫി പ്രൊസസിംഗ് സെന്റർ... ധനഇടപാടുകൾക്കപ്പുറം വൈവിധ്യമാർന്ന മേഖലകളിൽ മികവുറ്റ സംരംഭങ്ങൾ വിജയകരമായി നടപ്പിലാക്കി പുതുചരിത്രം രചിക്കുകയാണ് കോഴിക്കോട്,വയനാട്ജില്ലകളിലെ പ്രാഥമിക സഹകരണ ബാങ്കുകൾ. നബാർഡിന്റെ സഹായത്തോടെ കേരള ബാങ്ക് നടപ്പിലാക്കിയ PACS AS MSC, AIF പദ്ധതികൾ പ്രകാരം കോഴിക്കോട് ജില്ലയിൽ 24 പ്രൊജക്ടുകൾക്കായി 74.84 കോടി രൂപയും വയനാട് ജില്ലയിൽ 7 പ്രൊജക്ടുകൾക്കായി 6.87 കോടി രൂപയും ഉൾപ്പെടെ 81.71 കോടി രൂപയുടെ പദ്ധതികളാണ് കോഴിക്കോട് റീജിയണിൽ അനുവദിച്ചിത്. കോഴിക്കോട് ജില്ലയിൽ 108 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും 8 സഹകരണ അർബൻ ബാങ്കുകളും 400 ലധികം മറ്റ് സഹകരണ സംഘങ്ങളും വയനാട്ടിൽ 28 സർവ്വീസ് സഹകരണ ബാങ്കുകളും 300 ലധികം മറ്റ് സഹകരണ സംഘങ്ങളും പ്രവർത്തിച്ചുവരുന്നു. ശതാബ്ദി ആഘോഷിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും യു.എൽ.സി.സി.എസ് പടുത്തുയർത്തിയ യു.എൽ.ടി.എസും സൈബർപാർക്കും കോഴിക്കോടിന്റെ സഹകരണമേഖല ലോകത്തിന് സമ്മാനിച്ച മഹത്തായ മാതൃകകളാണ്. കോഴിക്കോട്, വടകര, പേരാമ്പ്ര കേന്ദ്രങ്ങളായുള്ള സഹകരണ ആശുപത്രികളും ക്ഷീര സഹകരണ സംഘങ്ങളും വനിതാ സംഘങ്ങളും വീവേഴ്സ് സംഘങ്ങളുമെല്ലാം കോഴിക്കോടിന്റെ ജീവനാഡിയാണ്. കേരള ബാങ്കും യു.എൽ.സി.സി.എസും കോഴിക്കോട് ജില്ലയിലെ



പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ചേർന്ന് രൂപംനൽകിയ കൺസോർഷ്യങ്ങൾ വഴി റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം ഉൾപ്പെടെ പശ്ചാത്തല സൗകര്യ മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതാണ്. കെയർഹോം പദ്ധതിപ്രകാരം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ കൈകോർത്ത് നിർധനരായ 44 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

തയ്യാറാക്കിയത്:
**സി. സഹദ് പിആർഒ കോഴിക്കോട്**



**ശ്രീ. ബിനു എൻ.വി.**
DGM. CPC വയനാട്



**ശ്രീ. രാജീവ് പി.**
DGM. CPC കോഴിക്കോട്



# പ്രവർത്തനരഹിതമായ അക്കൗണ്ടുകൾ



**Binoy Punnoose**
General Banking &
Treasury

